(ഇ) കോട്ടയം ജില്ലാ സഹകരണ ബാങ്ക് റബ്കോയിൽ ഡെപ്പോസിറ്റ് ചെയ്ത തുക തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റബ്കോയ്ക്ക് സാമ്പത്തികസഹായം നൽകാനുള്ള കൺസോർഷ്യത്തിലുള്ള സ്ഥാപനങ്ങളുടെ പേരും റബ്കോ കൈപ്പറ്റിയ തുകയും ചുവടെ ചേർക്കുന്നു:

1. കേരള സംസ്ഥാന സഹകരണ ബാങ്ക്	..	46,02,57,514
2. കോട്ടയം ജില്ലാ സഹകരണ ബാങ്ക്	..	26,04,00,000
3. എറണാകുളം ജില്ലാ സഹകരണ ബാങ്ക്	..	49,57,23,370
4. പാലക്കാട് ജില്ലാ സഹകരണ ബാങ്ക്	..	20,95,60,000
5. കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്	..	1,24,00,000
6. കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്	..	1,24,00,000

(ബി) 126.90 ലക്ഷം രൂപ.

(സി) പലിശ കൊടുത്തുതീർത്തിട്ടില്ല. സംസ്ഥാന സർക്കാരിൽനിന്നും റബ്ബർ സംഭരണം, കയറ്റുമതി എന്നീ ഇനത്തിൽ റബ്കോയ്ക്ക് ലഭിക്കാനുള്ള മുഴുവൻ തുകയും ലഭിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള സാമ്പത്തികബുദ്ധിമുട്ടും അധിക പലിശയ്ക്കു ഡെപ്പോസിറ്റു സ്വീകരിച്ചതും തൻചെലവും, സിൽബന്ധിചെലവും വർദ്ധിച്ചതും പ്ലാന്റ് ആന്റ് മെഷിനറികൾ പൂർണ്ണമായും ഉപയുക്തമാക്കാത്തതുമാണ് ഇതിനുള്ള കാരണങ്ങൾ.

(ഡി) കേസ് നിലവിലില്ല.

(ഇ) കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ ഡെപ്പോസിറ്റ് കൺസോർഷ്യം അക്കൗണ്ടിൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലേക്ക് മാറ്റിയിട്ടുണ്ട്.

ലോൺ പെട്ടെന്ന് ലഭിക്കുവാൻ നടപടി

93 [3607] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗഹാൻ രജിസ്റ്റർ ചെയ്താൽ 30 ദിവസം കഴിഞ്ഞു മാത്രമേ ലോൺ നൽകുവാൻ കഴിയുന്നുള്ളൂവെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുമുമ്പ് ബോണ്ട് രജിസ്റ്റർ ചെയ്യുന്ന അതേദിവസംതന്നെ ലോൺ ബന്ധപ്പെട്ട വ്യക്തിക്ക് ലഭിക്കുമായിരുന്നുവോ;

(സി) എങ്കിൽ 30 ദിവസം എന്ന കാലയളവ് 7 ദിവസമായി കുറച്ച് ലോൺ ഗുണഭോക്താവിനു പെട്ടെന്നുതന്നെ ലഭിക്കുവാൻവേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അപ്രകാരമൊരു വ്യവസ്ഥ ഗഹാൻ സംബന്ധിച്ച നിയമ/ചട്ട വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ബോണ്ട് രജിസ്റ്റർചെയ്ത പകർപ്പ് സംഘത്തിൽ ലഭിക്കുന്ന ദിവസം വായ്പ നൽകുകയാണ് ചെയ്യുന്നത്. ഇപ്പോൾ ഗഹാൻ രജിസ്റ്റർചെയ്ത പകർപ്പ് സംഘത്തിൽ ലഭിക്കുന്നമുറയ്ക്ക് വായ്പ നൽകുന്നുണ്ട്.

(സി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

സഹകരണ ജീവനക്കാരുടെ ലീവ് സറണ്ടർ

94 [3608] *ശ്രീ. കെ. എ,. ചന്ദ്രൻ:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. കെ. സുധാകരൻ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം നിർത്തലാക്കിയോ; എങ്കിൽ എന്നുമുതൽ;

(ബി) ഗവൺമെന്റ് ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യം പുനഃസ്ഥാപിച്ചപ്പോൾ സഹകരണ ജീവനക്കാർക്കും ആനുകൂല്യം പുനഃസ്ഥാപിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(സി) സഹകരണ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം നിർത്തലാക്കിയിരുന്നപ്പോൾ ഗവൺമെന്റിന്റെ അനുമതികൂടാതെ ഏതെങ്കിലും സഹകരണ സ്ഥാപനം ലീവ് സറണ്ടർ ആനുകൂല്യം പുനഃസ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം; ഇവയിൽ എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നിർത്തലാക്കിയിരുന്നു. സർക്കാരിന്റെ 3-6-2002-ലെ ജി. ഒ. (പി.) നം. 349/2002/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 16-1-2002-ലെ ജി. ഒ. (പി.)നം. 86/2002-ാം നമ്പർ ഉത്തരവ് സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുംകൂടി ബാധകമാക്കിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly